# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: അനുപമ. റ്റി.വി IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്- സാധുക്കളായ വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം - അഭയകിരണം പദ്ധതി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) സ.ഉ (സാധാ) നം.679/2020 സാനീവ തീയതി 27/11/2020
2) ഈ കാര്യാലയത്തിൽ നിന്നുള്ള 07/10/2020 ലെ WEC-2/20302/20 നമ്പർ കത്ത്
3) ഈ കാര്യാലയത്തിലെ 03.09.2019 ലെ WEC-2/20302/19 നമ്പർ പരിപത്രം.

==========================================================================

ഉത്തരവ് നം. WEC-2/20302/19 തീയതി : 12/12/2020

==========================================================================

അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതി പ്രകാരം 2019-20 വർഷം ധനസഹായം അനുവദിക്കാൻ കഴിയാതിരുന്ന ഇടുക്കി ജില്ലയിലെ 4 ഗുണഭോക്താക്കൾക്കും ആലപ്പുഴ ജില്ലയിലെ 26 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുന്നതിന് 1,42,000/-രൂപ അനുവദിക്കുവാൻ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയും, ആയതനുസരിച്ച് പരാമർശം (1) പ്രകാരം ഇടുക്കി ജില്ലയിലെ 4 ഗുണഭോക്താക്കൾക്കായി 9,000/-രൂപയും ആലപ്പുഴ ജില്ലയിലെ 26 ഗുണഭോക്താക്കൾക്ക് 1,33,000/-രൂപയും ചേർത്ത് 1,42,000/-രൂപ 2235-02-103-68-03 (P) ശീർഷകത്തിൽനിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇടുക്കി ,ആലപ്പുഴ ജില്ലകൾക്കായി ചുവടെ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 142,000/-(ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമം നം. | ജില്ല | 2018-19 വർഷം ധനസഹായം ലഭിച്ചവർക്ക് 2020 ഫെബ്രുവരി വരെ അനുവദിക്കുന്ന തുക | 2019-20 വർഷം പുതുതായി അപേക്ഷിക്കുന്നവർക്ക് അനുവദിക്കുന്ന തുക | ആകെ |
|---|---|---|---|---|
| 1 | ആലപ്പുഴ | 44000 | 89000 | 133000 |
| 2 | ഇടുക്കി | 0 | 9000 | 9000 |
| 3 | **ആകെ** | | | **1,42,000** |

ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം

ഈ ഇനത്തിൽ ചെലവ് വരുന്ന 142,000/- രൂപ (ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) 2235-02-103-68-03 (പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

പ്രസ്തുത തുക ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്. പരാമർശം (3)ലെ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം മാത്രമെ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. തുക അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിതാ ശിശുവികസന ഡയറക്ടർ**

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ
ഇടുക്കി ,ആലപ്പുഴ

**പകർപ്പ്**

(1) ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
(2) സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി)
(3) സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ (Website ൽ പ്രസിദ്ധീകരിക്കുന്നതിനായി)
(4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്